കണ്ണൂർ, കാസർഗോഡ് എന്നീ 7 ജില്ലകളിലൂടെയാണ് ഗെയ്ൽ പൈപ്പ് ലൈൻ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) എല്ലാ പ്രദേശങ്ങളിലും എതിർപ്പുകൾ ഇല്ല. ഇതിനകം എറണാകുളം, തൃശ്ശൂർ, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.693 കിലോമീറ്റർ ദൂരത്തിൽ പൈപ്പ് ലൈനുകൾ ഭൂമിക്കടിയിൽ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്.

(സി) പരമാവധി ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കി പൈപ്പ്ലൈൻ നിർമ്മാണം പൂർത്തിയാക്കുന്നതിന് വേണ്ടിയുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനായി ജനങ്ങളെ പൂർണ്ണമായും വിശ്വാസത്തിലെടുത്തുകൊണ്ടു മാത്രമേ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുള്ളൂ.

(ഡി) പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷയെപ്പറ്റി ജനങ്ങളുടെ മനസ്സിൽ ഉടലെടുത്തിട്ടുള്ള ആശങ്ക മാറ്റിയെടുത്തു. പദ്ധതിയുടെ സുരക്ഷിതത്വത്തെപ്പറ്റിയും പദ്ധതിയിലൂടെ സംസ്ഥാനത്തിന് ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനും അതിലൂടെ പൈപ്പ് ലൈൻ പദ്ധതിയെപ്പറ്റിയുള്ള ജനങ്ങളുടെ ആശങ്കയകറ്റുവാനും സർക്കാർ വിവിധ തലങ്ങളിൽ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

പത്രപരസ്യങ്ങളിലൂടെയും, ലഘുലേഖകൾമുഖേനയും, എഫ്.എം. റേഡിയോയിലൂടെയും സർക്കാർ വകുപ്പുകൾ, വിവിധ NGO-കൾ, ഇതര ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾ വഴിയും ബോധവത്ക്കരണം നടത്തിവരുന്നുണ്ട്. ഇതിനു പുറമേ ഗെയിലിന്റെ ഭാഗത്ത് നിന്ന് വില്ലേജുകൾതോറും ഉദ്യോഗസ്ഥർ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്.

വരവൂർ വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ

154(2143) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഈ പദ്ധതി അംഗീകരിച്ചുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഡി) സംസ്ഥാന വ്യവസായ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എഫ്) 2011-ൽ സർക്കാർ വ്യവസായ സംരംഭത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി അന്യാധീനപ്പെടാതെ വ്യവസായങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചേലക്കര മണ്ഡലത്തിൽ വരവൂരിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിനായി 8.55 ഏക്കർ സ്ഥലം 1.94 കോടി രൂപയ്ക്ക് 2013 - ൽ ഏറ്റെടുത്തിട്ടുണ്ട്. ഈ വ്യവസായ പ്ലോട്ട് വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ Micro Small Enterprises - Cluster Development Programme (MSE-CDP) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ 10 കോടി രൂപയാണ് വ്യവസായ പ്രദേശത്തിന്റെ നവീകരണത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 60% കേന്ദ്ര വിഹിതമാണ്. വരവൂരിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് 3 ലക്ഷം രൂപ കെ-ബിപ്പിന് നൽകുകയും, കെ -ബിപ്പ് പദ്ധതി രേഖ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച്, തുക ലഭിക്കുന്ന മുറയ്ക്ക് വരവൂർ വ്യവസായ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(സി) പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

(ഡി&ഇ) ഇല്ല.

(എഫ്) വ്യവസായ പാർക്കിനായി ഏറ്റെടുത്ത സർക്കാർ ഭൂമി വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നതാണ്.

വ്യവസായ മേഖലയിലെ നിക്ഷേപം

155(2144) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾക്കായി ഏതെല്ലാം സർക്കാർ, സർക്കാരിതര ഏജൻസികൾ എത്ര തുക വീതം നിക്ഷേപിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി

LIBRARY ARCHIVES Kerala Legislative Assembly